ത്തി ഒരു നിരത്തുണ്ടാക്കുണ്ടതു വളരെ അത്യാവശ്യമായ ഒന്നാണു് എന്നു ആ പദത്തിൽനിന്നു തന്നെ വ്യക്തമാകുന്നുണ്ടു്. അതുകൂടാതെ കണ്ണിനെപ്പറ്റി ഒരു ചൊല്ലുണ്ടു്. "കണ്ടം കഴിക്കും കണ്ണർക്കാടൻ" എന്നു പറയാറുണ്ടു്. സാധാരണയായി മുട്ടുകാൽ ഉണ്ണിനു മുമ്പെ കുളി കഴിയുമെങ്കിലും കണ്ണർക്കാക്കുമാത്രം അതിൽ ഒരു വ്യത്യാസമുണ്ടു്. കുളിയും ഉണ്ണും കഴിഞ്ഞു പുറത്തേക്കിറങ്ങി ഒരു ഫർലോങ്ങു് വഴി നടന്നാൽ വീട്ടിൽ ചെല്ലുമ്പോൾ അയാൾക്കു വീണ്ടും കുളിക്കാതെ നിവൃത്തിയില്ല. വാസ്തവത്തിൽ ഇതു ഒരു അത്ഥവത്തായ പഴഞ്ചൊല്ലാണു്. കുളിയും ഉണ്ണും കഴിഞ്ഞ പുറത്തിറങ്ങിയാൽ വഴിയുടെ കിടപ്പിന്റെ രീതികൊണ്ടു ചുരുങ്ങിൽക്കുടി നടക്കാതെ തരമില്ല. അതിനായിട്ടു വീണ്ടും ഒരു സ്നാനംകൂടി ആവശ്യമായി വരുന്നു. ഇങ്ങിനെയുള്ള ഒരു പ്രദേശത്തു വഴിയുണ്ടാക്കേണ്ട കാര്യത്തെപ്പറ്റി സ്ഥലത്തുചെന്നു നോക്കേണ്ട ആവശ്യംതന്നെയില്ല. ചെന്നു നോക്കണമെന്നു പറഞ്ഞാൽ അവരതിനു് തയ്യാറുമില്ല. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ഒരു സഞ്ചാരപരിപാടി ഉദ്ദേശിച്ചിട്ടുണ്ടു് എന്നു്. അവിടെ കാറകം ഒന്നും കൊണ്ടുപോകുവാൻ സാദ്ധ്യമല്ല.

"വെള്ളമില്ലാദിക്കിൽ വള്ളം നടക്കുമോ?
വെള്ളത്ത് ലോട്ടുമോ ചാട്ടം രഥങ്ങളും?"

എന്നു പറഞ്ഞതുപോലെ ആ പ്രദേശത്തിൽക്കുടി കാറിൽ പോകുവാൻ ബുദ്ധിമുട്ടുണ്ടു്. ആയതുകൊണ്ടു ഈ റോഡു വളരെ അത്യാവശ്യമുള്ളതിനാൽ താമസംവിനാ ശരിപ്പെടുത്തിക്കൊടുക്കേണ്ടതാണെന്നു് ഞാൻ അഭ്യർത്ഥിച്ചുകൊള്ളുന്നു.

Mr. V. K. Aravindaksha Menon *(Chief Engineer):* Sir, the question of constructing this road had been brought to the notice of this House from very many years as stated by the Hon'ble Member. This proposal was placed before the Road Board and the sub-committee inspected this road and they said that it will be very useful. They have said "the cost at present will be very prohibitive and so it may lie for better times". They had in view the construction of a very high embankment for the low lying fields which are subject to heavy floods, from the Chalakkudy river. I shall again place this matter before the Road Board with the modification that for the present it may not be absolutely necessary to have a high road embankment to be above high floods. If an ordinary road 3 feet wide which is submergable during high floods is to be constructed the cost can be reduced to a very great extent without impairing the utility of the road. Even very many important roads in our State are submerged for more than 4 or 5 days. Even our Highway in some places at Alwaye and Chalakudy is submerged for 3 or 4 days. If a road of that sort will be sufficient the cost can be ruduced to some extent. I shall place this matter before the Road Board nd get their opinion in the matter.

മിസ്റ്റർ സി. എസ്സ്. പണിക്കർ: ഈ റോഡ് മലവെള്ളക്കാലത്തു് അധികം മുങ്ങിപോവുകയാണെങ്കിൽ അതിൽ അധികം വൈഷമ്യമുണ്ടാകുമെന്നു തോന്നുന്നില്ല. ഇതു് ബഹുമാനപ്പെട്ട ചീഫ് എഞ്ചിനീയരുടെ ഉറപ്പിന്മേൽ എങ്ങിനെയെങ്കിലും ഒരു റോഡുണ്ടായാൽ മതിയെന്നുള്ള അപേക്ഷയോടുകൂടി ഈ ഉപക്ഷേപത്തെ പിൻവലിച്ചുകൊള്ളുന്നു.

Cut motion, by leave, withdrawn

CUT MOTION No. 24

Bus stand at Kunnamkulam

Mr. Paramel Ipe Ipe *(Kunnamkulam):* I rise to move a cut of Rupee 1 in the allotment of Rs. 9,57,390 for 3-Building in Demand No. 30-Public Works. The purpose of this motion is *to urge upon the Government the immediate necessity to construct a bus stand with a waiting room at Kunnamkulam.* Though apparantly it may look to be a question of local importance but if the matter is looked into and scrutinised, it will be found to be a necessity of all Cochin Travelling public. The proximity of Kunnamkulam to the famous Guruvayoor temple has made the road through Kunnamkulam a very important one, where people have to wait for buses for hours and hours together. If I remember correctly it is more than two decades since bus traffic was started along these roads, and the more important factor that we have to consider is the places to which the buses run. For instance, from Kunnamkulam we have buses to Pattambi, Shoranur, Palghat, Vadakkancheri, Trichur and many other places. Now, through this place especially on the 30th and 1st of every month not only from all parts of Cochin but also from all parts of British India people go to the Guruvayoor temple. Now they return from Guruvayoor in buses not running through to Trichur or to other places of destination. Thus they will have to alight at Kunnamkulam and to take the bus to Trichur or Vadakkancheri or Pattambi or other

LIBRARY ARCHIVES Kerala Legislative Assembly

destinations. Now, Sir, it is a pitiable sight to see these ladies with their young chi'dren exposed to the inclamencies of the weather waiting for the buses. Where do they wait? There is not a single bannyon tree nearby. If I remember correctly there is only one Mango tree in front of the Police Station. And the case is more pitiable if anyone wants or feels the necessity to answer the calls of nature. Within the radius of one mile there is not even a public latr ine. There were some open spaces nearby before which are now crowded with buildings. Notice the pitiable state of affairs. A keen necessity for a bus stand is felt by the travelling public but nobody has cared to look into this question. This project will involve only a few couple of thousands. My humble prayer is not to view this as a parochial or local question but as being a necessity or rather a primary amenity. I request all the members to speak on this motion with all their vehiments they can. In conclusion, I may say not to allow this pitiable state of affairs to continue. For all these 20 years actors may change but the scene is there. During all the 12 hours in the day there will be seen hundreds of people waiting for buses. Especially on Monday mornings it is a regular hundred-yards-race for every one to get the bus. In these state of affairs though the travellers may be stranded at Kunnamkulam so long as they wait to get a bus they may get the ordinary amenity of waiting in a building. Even at Vadakkancheri where the place is of little importance considering the bus traffic that is going through Vadakkancheri I find a bus stand erected some five years ago. Even yesterday or last week I found an extension being constructed to that bus stand?

Mr. K. Balakrishna Menon *(Cheruthuruthi):* It is the capital of the Talappalli Taluk.

Mr. Paramel Ipe Ipe *(Kunnamkulam):* That may be a reason. But that is no reason to deny the primary amenity of the travelling public at Kunnamkulam. This I point out only just to bring to the notice of the Government the necessity for constructing a bus stand at Kunnamkulam.

Mr. P. Kumaran Ezhuthassan *(Vadakkancheri):* Do you mean to say that Vadakkancheri has no right to have a bus stand.

Mr. Paramel Ipe Ipe *(Kunnamkulam):* I do not deny the right to Vadakkancheri where I do live there to carry on my profession. That being the case I pray that all the members should support the motion and do all they can to get it passed.

* മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: സർ, എനിക്ക ഈ ഉപക്ഷേപത്തെപ്പറ്റി കുന്നംകുളത്തിനെ സംസാരിക്കണമെന്ന വിചാരമുണ്ടായിരുന്നില്ല. എന്നാൽ എന്റെ മാന്യസ്നേഹിതൻ വടക്കാഞ്ചേരിയെ അനാവശ്യമായി ഈ വാദത്തിനിടക്ക വലിച്ചിഴച്ച കൊണ്ടുവന്നതുകൊണ്ട എനിക്കും ഇതിനെപ്പറ്റി അല്പം ചിലത പറയാതെ തരമില്ല. ഇത്രയും പറഞ്ഞതിൽനിന്ന കുന്നംകുളത്തു ഒരു ബസ്സ്സ്റ്റാണ്ട വേണ്ട എന്ന അഭിപ്രായക്കാരനാണ് ഞാൻ എന്ന അനുമാനിക്കരുത്. വേണ്ടതു വേണ്ടസമയത്തു വേണ്ടപോലെ ചെയ്യുവാൻ വിവേകമുള്ളവരായ ഉദ്യോഗസ്ഥന്മാർ നമ്മുടെ ശമ്പളം വാങ്ങിക്കൊണ്ടിരിക്കുന്നതിൽ കുറവായിപ്പോയല്ലോ എന്നുള്ള ഒരു വിഷാദം എനിക്കുണ്ട്.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ആരുടെ ശമ്പളം?

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: ആ ചോദ്യത്തിനും മറുപടി പറയാം. ഇതു പബ്ലിക്ക വർക്സ് ഡിപ്പാർട്ടുമെണ്ടിൽ പെട്ടതല്ല, പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെണ്ടിന്റെ കീഴിൽ പെട്ട ഒരു ഉപക്ഷേപമാണിതു. അവിടെ ബസ്സ്സ്റ്റാണ്ടു വേണം, ഇവിടെ കിണറു വേണം, മറെറാരിടത്തു കുളം വേണം, വേറൊരു ദിക്കിൽ കക്കൂസ്സ് വേണം എന്നൊക്കെ പറഞ്ഞാൽ ചെയ്തുകൊടുക്കേണ്ടതു പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ടുമെണ്ടിന്റെ കടമയാണ്. ആ ഡിപ്പാർട്ടുമെണ്ടിൽനിന്നു ശമ്പളം വാങ്ങിക്കൊണ്ടിരിക്കുന്ന ഒരു ഉദ്യോഗസ്ഥൻ കുന്നംകുളത്തിന്റെ ഇന്നിനെയുള്ള അത്യാവശ്യങ്ങൾ കാര്യമായി ആലോചിച്ചിരുന്നുവെങ്കിൽ തിരുവായും വടക്കാഞ്ചേരിയിൽ ഒരു ബസ്സ്സ്റ്റാണ്ട് ഉണ്ടാക്കുന്നതിനു എത്രയോ മുമ്പുതന്നെ കുന്നംകുളത്തു ഒരു ബസ്സ്സ്റ്റാണ്ട് ഉണ്ടാക്കിക്കൊടുക്കുമായിരുന്നു അതു ചെയ്യുവാൻ ആ ഉദ്യോഗസ്ഥൻ എന്തുകൊണ്ടു ശ്രമിച്ചില്ല എന്നാണ് ഞാൻ ചോദിക്കുന്നതു. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ വിവരിച്ച സംഗതികൾകൊണ്ടു കുന്നംകുളത്തുള്ള സങ്കടങ്ങൾ മുഴുവനും അതിലടങ്ങിയിട്ടുണ്ടെന്നു എനിക്ക തോന്നുന്നില്ല. അതിനെപ്പറ്റിയുള്ള ശരിയായ വിവരങ്ങൾ മനസ്സിലാക്കണമെന്നുണ്ടെങ്കിൽ അവിടെ ചെന്ന അവരോടു അടുത്തുനിന്ന മനസ്സിലാക്കണം. ഒരു അഞ്ചു മി

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

നിട്ടില്ല ഓരോ അഞ്ചുമനിട്ടിനും എത്രമാത്രം ബുദ്ധിമുട്ടുകളാണ് അനുഭവിക്കേണ്ടിവരുന്നതെന്ന് അപ്പോൾ കാണാം. അതു ഞാൻ നല്ലപോലെ മനസ്സിലാക്കീട്ടുണ്ട്. ബസ്സിൽ കയറുവാൻ വേണ്ടി ഒരു സ്ത്രീ അവിടെ വന്നു നാലഞ്ചു ബസ്സുകൾ പോയിട്ടും അതിലെങ്ങും അവൾക്കു കയറുവാനുള്ള സൌകര്യം ഉണ്ടായില്ല. അവർ അവിടെനിന്ന് വളരെ വിഷമിക്കേണ്ടതായിവന്നു. കുന്നംകുളം അങ്ങാടിയിൽ നാലുംകൂടിയ വഴിയിൽ മുഴുവനും ഷാപ്പുകളാണ്.

ഒരു കാപ്പി ഷാപ്പുള്ളതിൽ കയറിയിരിക്കാമെന്നുവെച്ചാൽ ആ കാപ്പി ഷാപ്പുകാരൻ എന്തെങ്കിലും ചോദിക്കുകയാണെങ്കിൽ അയാളോട് വിവരം പറയണമല്ലോ. അതുകൊണ്ട് അവിടെ കയറിയിരിക്കുവാൻ തരമുണ്ടോ? നിവൃത്തിയില്ല. പിന്നെയുള്ള ഷാപ്പുകളൊക്കെ മാരോ സാധനങ്ങൾ വിൽക്കുന്നവയാണ്. അവിടെ കയറിയിരിക്കുവാനും നിവൃത്തിയില്ല. ഈ നിലയിൽ ഒരു സ്ത്രീ അവിടെ നിന്നു കഴുങ്കുകയാണെങ്കിൽ എന്താണ് നാലുംകൂടിയ വഴിയിലെ അവരുടെ അവസ്ഥ. നിങ്ങൾ തന്നെ ആലോചിച്ചുനോക്കുക! എന്നാണ് ഞാൻ പറയുന്നത്. ഞാൻ പിന്നെയും, പിന്നെയും പറയുന്നതു് അതുതന്നെയാണ്: ആലോചിച്ചു നോക്കുക! വീണ്ടും വീണ്ടും ആലോചിച്ചു നോക്കുക!! അപ്പോൾ സ്ത്രീകളുടെ കാര്യത്തിൽ എങ്ങിനെയാണ് പെരുമാറേണ്ടതു്, അവരുടെ സങ്കടങ്ങൾ എങ്ങിനെയാണ് പരിഹരിക്കേണ്ടതു് എന്നാലോചിക്കുവാൻ പോലും മനസ്ഥിതിയില്ലാത്ത ഉദ്യോഗസ്ഥർ (ശിവ, ശിവ) അധികം ശമ്പളം വാങ്ങിക്കൊണ്ടിരിക്കുമ്പോൾ അവർക്ക് എന്തെങ്കിലും കാരണം പറഞ്ഞിട്ട് അയാൾക്കു ശമ്പളം പിന്നെയും കൂട്ടിക്കൊടുക്കുകയൊ!! ശമ്പളം കൂടിക്കൊടുക്കട്ടെ, വാങ്ങിക്കൊള്ളട്ടെ എന്നു വരികിലും ഡിപ്പാർട്ട്മെണ്ടു വിഭജനം ചെയ്യുമ്പോൾ കൊച്ചിരാജ്യം ഒരുകുങ്ങിപ്പോകുമെന്നുള്ള മാതിരിയിൽ എന്തെല്ലാം കഥകൾ ഇവിടെ നടന്നു. അദ്ദേഹത്തിന്റെ ബുദ്ധിയെപ്പറ്റിയാണ് ഞാൻ അതിശയിക്കുന്നതു്. ശിവ, ശിവ!! കൊടുങ്ങല്ലൂർ നിന്നു ഗുരുവായൂർക്കും, പട്ടാമ്പിയിൽനിന്നു വടക്കാഞ്ചേരിക്കും, കാട്ടകാമ്പാലിലേക്കും, വടക്കാഞ്ചേരിയിൽനിന്നു കുന്നംകുളത്തേക്കും, ഗുരുവായൂർ നിന്നു തൃശ്ശിവപേരൂക്കും തൃശ്ശിവപേരൂരിൽനിന്നു ഗുരുവായൂക്കും അനവധി ബസ്സുകൾ ആ വഴിവന്നാണ് പോകുന്നതു്. അവിടെ പബ്ലിക്ക ഹെൽത്തു ഡിപ്പാർട്ട്മെണ്ടിലുള്ള കൺട്രാക്ടർമാർ റോഡുകൾ നന്നാക്കേണ്ട ആവശ്യത്തിന്നായി മരാമത്തുക്കാർ നടക്കുവാൻ സാധിക്കാത്തരത്തിൽ വണ്ടിയിൽ കല്ലുകൾ കൊണ്ടുവന്നു കൂട്ടുന്നതു് റോഡിന്റെ നടുവിലാണ്. ബസ്സുകൾക്കുവന്നു നിൽക്കുവാനും ആ നാലുംകൂടിയ വഴിയിലേ നിവൃത്തിയുള്ളു. പക്ഷെ ഇപ്പോഴത്തെ കാലവൈപരീത്യംകൊണ്ടു ബസ്സിന്റെ എണ്ണം വളരെ കുറവായതുകൊണ്ടുകൂടിയും ആളുകൾക്കു ബസ്സിൽ കയറുവാൻ വളരെ ബുദ്ധിമുട്ടു നേരിടുന്നുണ്ട്. അതുകൊണ്ടു് കുന്നംകുളത്തു് ഒരു ബസ്സ് സ്റ്റാന്റ് വടക്കാഞ്ചേരിയിൽ ബസ്സ് സ്റ്റാന്റുണ്ടാക്കുന്നതിനു വളരെ വളരെ മുമ്പുതന്നെ ഉണ്ടാക്കിക്കൊടുക്കാത്തതു ആ ഡിപ്പാർട്ട്മെണ്ടിന്റെ ബുദ്ധിശൂന്യതകൊണ്ടാണെന്നു പറയാതെ തരമില്ല. അതുപോലെ അധികം വിഷമങ്ങൾ യാത്രക്കാർ അനുഭവിക്കുന്നുണ്ട്. അതുകൊണ്ടു ഞാനപേക്ഷിക്കുന്നതു് എന്താണെന്നുവെച്ചാൽ ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തിട്ടില്ലെങ്കിൽപോലും പത്തും പന്ത്രണ്ടും ലക്ഷം ഉറുപ്പിക ഈ കൌൺസിലിന്റെ അനുവാദം ചോദിക്കാതെ ചിലവുചെയ്യുവാൻ കഴിവുള്ള ഗവർമ്മേണ്ടിനു അവിടെ ഒരു ബസ്സ് സ്റ്റാന്റു സ്ത്രീകൾക്കിരിക്കുവാനുള്ള ഒരു മുറി, പുരുഷന്മാക്ക് ഇരിക്കുവാനുള്ള ഒരു മുറി, ഇപ്പോഴത്തെ സമ്പ്രദായമനുസരിച്ചു രണ്ടുകൂട്ടർക്കുംകൂടി ഇരിക്കുവാനുള്ള ഒരു മുറി എന്നീ സൌകര്യങ്ങളോടുകൂടി കഴിയും വേഗത്തിൽ ഉണ്ടാക്കിക്കൊടുക്കേണ്ടതാണെന്ന്. തൃശ്ശിവപേരൂരിലെ പോലെയാക്കണം. എത്രയും സുഖസൌകര്യത്തോടുകൂടിയ ഒരു ബസ്സ് സ്റ്റാന്റു ഉടനടി ഉണ്ടാക്കിക്കൊടുക്കണമെന്നാണ് ഞാനപേക്ഷിക്കുന്നതു്. ഗവർമ്മേണ്ടു അതു ചെയ്യില്ലെങ്കിൽ നിങ്ങളെക്കൊണ്ടു ഞങ്ങൾ ചെയ്യിപ്പിക്കുന്നതുമാണ്.

* മിസ്റ്റർ കെ. ഐ. വേലായുധൻ : സർ, ഞാൻ ഈ ഉപക്ഷേപത്തെ പിൻതാങ്ങുന്നു. കൊച്ചി രാജ്യത്തു തൃശ്ശിവപേരൂരും എറണാകുളവും കഴിഞ്ഞാൽ ഇത്രയും വളരെ ബസ്സുകളും കാറുകളും വന്നു നില്ക്കുന്നസ്ഥലം കുന്നംകുളത്തെപോലെ വേറെ ഇല്ല. ആ നാട്ടിലെ നാലുംകൂടിയ ആ വഴി വളരെ വീതികുറഞ്ഞതാണ്. അങ്ങിനെയുള്ള ഒരു സ്ഥലത്താണ് വടക്കാഞ്ചേരിയിലും ഗുരുവായൂരിലും തൃശ്ശിവപേരൂരിലുംനിന്നും വരുന്ന എല്ലാ ബസ്സുകളും വന്നു നില്ക്കുന്നതു്. ഇതിന്നു പുറമെയാണ് വാടക കാറുകളുടെ പോക്കുവരവു്. എല്ലാംകൂടി നോക്കിയാൽ ആകപ്പാടെ കശപിശയായ ഒരു നിലയിലാണ് അവിടെയുള്ളതെന്നു് ആക്ഷം

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

കാണാവാൻ സാധിക്കുന്നതാണു്. പോരാത്തതിനു ബസ്സുകൾ കൂടിക്കേണ്ട ആവശ്യത്തിനു് കൽക്കരിയുടെ ഉപയോഗം തുടങ്ങിയതോടുകൂടി ബസ്സു് നില്ക്കുന്ന സ്ഥലങ്ങളിലെല്ലാം കല്ക്കരി കൂമ്പാരം വഴിയിൽ കൂടി കിടക്കുന്നുണ്ടു്. ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ അവിടെയുള്ള പോല്ലീസുസ്റ്റേഷന്റെ മുൻവശത്തുള്ള ആൽവൃക്ഷത്തിന്റെ അടിയിലാണു് യാത്രക്കാർ വിശ്രമിക്കുന്നതെന്നു പറഞ്ഞതു വാസ്തവമാണു്. പോല്ലീസു് സ്റ്റേഷന്റെ മുമ്പിലുള്ള മരത്തിന്റെ മുവട്ടിൽ പോയി നിന്നാൽ ആ പോല്ലീസുകാർ എന്താണു് ചെയ്യുക എന്നു നമുക്കുതന്നെ ആലോചിക്കാവുന്നതാണു്. ഒരിക്കൽ അവിടെയുള്ള ജനങ്ങളോടുകൂടി ചെന്നു നില്ക്കുവാൻ എനിക്കും ഭാഗ്യമോ അല്ലെങ്കിൽ നിർഭാഗ്യമോ ഉണ്ടായി. പോല്ലീസുകാരുടെ ശബ്ദം കേട്ടു അവിടെ നിന്നിരുന്നവരെല്ലാം ഓടിയകൂട്ടത്തിൽ എനിക്കും ഓടേണ്ടിവന്നു. ഇങ്ങിനെയാണു് അവിടെ വരുന്ന യാത്രക്കാരുടെ സാധാരണമായ അനുഭവം. അതുകൊണ്ടു് അവിടെ ഒരു ബസ്സു് സ്റ്റാൻറു് എത്രയും വേഗത്തിൽ ഉണ്ടാക്കേണ്ടതു് വളരെ അത്യാവശ്യമാണു്. എന്തുകൊണ്ടു് വടക്കാഞ്ചേരിയിൽ ബസ്സു് സ്റ്റാൻറുണ്ടാക്കുന്നതിനുമുമ്പു് കുന്നംകുളത്തു ബസ്സു് സ്റ്റാൻറുണ്ടാക്കിക്കൊടുക്കത്തില്ല എന്നു ബഹുമാനപ്പെട്ട വടക്കാഞ്ചേരി മെമ്പർ ചോദിക്കുകയുണ്ടായി. അതിനു എനിക്കു പറയുവാനുള്ള മറുപടി മുൻസിഫു് കോടതി, ബാക്കി ചില ഉദ്യോഗസ്ഥന്മാരുടെ ആപ്പീസുകൾ മുതലായവ വടക്കാഞ്ചേരിയിൽ ആയതുകൊണ്ടാണു് ആദ്യം അവിടെ ബസ്സു് സ്റ്റാൻറുണ്ടായതു് എന്നാണു്. അതുകൊണ്ടു് കുന്നംകുളത്തു, വടക്കാഞ്ചേരിയിൽ ബസ്സു് സ്റ്റാൻറു ഉണ്ടാക്കിക്കഴിഞ്ഞതിശേഷം ഇത്രവരെയായിട്ടും എന്തുകൊണ്ടു് ഒരു ബസ്സു് സ്റ്റാൻറുണ്ടാക്കി കൊടുത്തില്ല എന്നാണു് ഞാൻ ചോദിക്കുന്നതു്. കുന്നംകുളത്തെ ബസ്സുകളെ അപേക്ഷിച്ചു നോക്കിയാൽ വടക്കാഞ്ചേരിയിൽ ഏറ്റവും കുറവായിട്ടു ബസ്സുകളുള്ളു. അങ്ങിനെയുള്ള വടക്കാഞ്ചേരിയിൽ വെയ്റ്റിംഗു് റൂം ലട്രിൻ റൂം മുതലായ സൌകര്യങ്ങളോടുകൂടിയ ഒരു ബസ്സു് സ്റ്റാൻറുണ്ടാക്കാമെങ്കിൽ എന്തുകൊണ്ടു് കുന്നംകുളത്തുള്ള ജനങ്ങളുടെ ആവശ്യത്തിനുവേണ്ടി വെയ്റ്റിംഗു് റൂം, ലട്രിൻ റൂം തുടങ്ങിയുള്ള സൌകര്യങ്ങളോടുകൂടിയ ഒരു ബസ്സു് സ്റ്റാൻറു ഉണ്ടാക്കുവാൻ സാധിക്കാത്തതെന്നാണു് ഞാൻ ചോദിക്കുന്നതു്. അതുകൊണ്ടു ഞാൻ ഈ ഉപലക്ഷപത്തെ ശക്തിയായി അനുകൂലിക്കുന്നു.

The Hous rose for the day at 5. P. M.

N. S. RADHAKRISHNA SARMA
Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly